# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 160 16.02.2016-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടബാദ്ധ്യതകൾ

**ചോദ്യം**

ശ്രീ. സി.കെ. സദാശിവൻ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി. കെ.കെ. ലതിക
ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നും സർക്കാർ എടുക്കുന്ന ഫണ്ടുകൾ പൂർണ്ണമായും പദ്ധതി ചെലവിനു ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | കടമെടുക്കുന്ന വായ്പകൾ പൂർണ്ണമായും പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്. എന്നാൽ ചില വർഷങ്ങളിൽ സംസ്ഥാനത്തിന്റെ കടമിതര വരുമാനം റവന്യൂ ചെലവുകൾ നേരിടുന്നതിന് അപര്യാപ്തമായി വരുന്നതിനാൽ കടമെടുപ്പിന്റെ കുറച്ചുഭാഗം പദ്ധതിയേതര ചെലവുകൾക്ക് വിനിയോഗിക്കേണ്ടിവന്നിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ഇതിനകം എടുത്ത ആകെ വായ്പകൾ എത്രയാണ് ; ഓരോ വർഷവും എടുത്ത വായ്പകളെ സംബന്ധിച്ച് വിശദമാക്കാമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടപ്പത്രങ്ങൾ വഴി 59463 കോടി രൂപയും നബാർഡിൽ നിന്ന് 2364.01 കോടി രൂപയും വിദേശ വായ്പായിനത്തിൽ 2541.57 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്. കൂടാതെ ദേശീയ ലഘുസമ്പാദ്യ പദ്ധതി ഫണ്ടിൽ നിന്നും 2826.51 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) | ഓരോ വർഷവും മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | വിവിധ സ്രോതസ്സുകളിൽ നിന്നും എടുത്ത വായ്പയുടെ മുഴുവൻ തുകയും 'Consolidated fund' ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |
| (ഡി) | ഇതുവരെ എടുത്ത കടത്തിന്റെ എത്ര ശതമാനം തന്നാണ്ടിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയുണ്ടായി ; വ്യക്തമാക്കാമോ ? | 2011-12, 2012-13 വർഷങ്ങളിൽ എടുത്ത വായ്പ പൂർണ്ണമായും പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. 2013-14, 2014-15 എന്നീ വർഷങ്ങളിൽ വായ്പയെടുത്ത തുകയുടെ 98.39 ശതമാനവും 91.15 ശതമാനവും പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ